I. ഇ.ബി. XV-കേരള നിയമസഭ/XIII-12

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 04, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കൽ

മി. സ്പീക്കർ: സംസ്ഥാനത്തെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ആശാ പ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രാഹുൽ മാങ്കൂട്ടത്തിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ്

ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്ത് ആകെ 26125 ആശാ വർക്കർമാർ പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60:40 എന്ന അനുപാതത്തിലാണ് ആശാ വർക്കർമാർക്ക് ഓണറേറിയവും ഇൻസെന്റീവും നൽകുന്നത്. കേരളത്തിലാണ് ആശാ വർക്കർമാർക്ക് ആദ്യമായി ഉത്സവബത്ത പ്രഖ്യാപിച്ചത്. രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. ഇവർക്ക് ഓണറേറിയമായി നൽകുന്ന 7000/- രൂപയ്ക്കുപുറമെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫിക്സഡ് ഇൻസെന്റീവ് 3000 രൂപയും നിശ്ചിത പ്രവർത്തനങ്ങൾക്കുള്ള ഇൻസെന്റീവും നൽകുന്നുണ്ട്. ഒരു ആശാ വർക്കർക്ക് ആകെ 13000/- രൂപ ലഭിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഇൻസെന്റീവ് ഇനത്തിൽ ലഭിക്കേണ്ട കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാത്ത സാഹചര്യത്തിലും ആശാ വർക്കർമാരുടെ ഇൻസെന്റീവ് മുടങ്ങാതെ നൽകിയിട്ടുണ്ട്. ഇവർക്ക് മെറ്റേണിറ്റി ലീവ് ആദ്യമായി അനുവദിച്ചതും കേരളത്തിലാണ്. ആശമാരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ്

ആയിരുന്നത് പിന്നീട് 10-ാം ക്ലാസ് ആക്കി മാറ്റിയ സാഹചര്യത്തിൽ 7-ാം ക്ലാസ് യോഗ്യതയുള്ളവർ സാക്ഷരതാ മിഷന്റെ ഭാഗമായി പരീക്ഷയെഴുതുകയും 1792 പേർ പത്താംക്ലാസ് പാസാകുകയും ചെയ്തു. കൂടാതെ, തുടർവിദ്യാഭ്യാസത്തിനുള്ള സപ്പോർട്ടും ചെയ്തുകൊടുക്കുന്നുണ്ട്. എല്ലാ ആശമാർക്കും കമ്പ്യൂട്ടർ സാക്ഷരത നൽകാൻ സാധിച്ചു. കേന്ദ്ര സ്കീമിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറുമ്പോൾ ആശാ വർക്കർമാരെ ചേർത്തുപിടിക്കുന്ന നിലപാടാണ് സംസ്ഥാനം സ്വീകരിച്ചത്.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സംസ്ഥാനത്തെ ആശാ വർക്കർമാർ നടത്തുന്ന സമരം സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. കഴിഞ്ഞ മൂന്നുമാസമായി അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നില്ല. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ ആഴ്ചയിൽ 7 ദിവസവും വീടുവീടാന്തരം കയറിയിറങ്ങി ജോലി ചെയ്യേണ്ടിവരുന്ന ആശാ വർക്കർമാർക്ക് ലഭിക്കുന്നത് ആകെ 7000/- രൂപയാണ്. ആശാ വർക്കർമാരുടെ പ്രതിദിന വേതനം 700 രൂപയാക്കി വർധിപ്പിക്കുമെന്ന എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ആശാ വർക്കർമാർ നടത്തുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ തയ്യാറാകാത്തത് ഖേദകരമാണ്.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന വാദം വസ്തുതാവിരുദ്ധമാണ്. ആശാ വർക്കർമാർക്ക് മറ്റ് തൊഴിലുകൾക്ക് പോകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അവരുടെ ഓണറേറിയം 21,000 രൂപയായി ഉയർത്തുകയും വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപ നൽകുകയും ജോലി ഭാരം കുറയ്ക്കുന്നതിന് നടപടിയുണ്ടാകുകയും ചെയ്യണം. കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനും ഓണറേറിയവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തണം. ആശാ വർക്കർമാർ നടത്തുന്ന സമരത്തോട് നിഷേധാത്മക സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ന്യായമായ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീമതി വീണാ ജോർജ്: ആശാ വർക്കാർമാരെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കും. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കൃത്യമായി പാലിക്കും. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്ന കാര്യത്തിൽ

അനുഭാവപൂർവമായ നിലപാട് സ്വീകരിക്കും. ഇവരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. കണക്കുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് ആശാ പ്രവർത്തകർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് പറഞ്ഞത്. ഓണറേറിയവും ഇൻസെന്റീവുമുൾപ്പെടെ ആശാ വർക്കർമാർക്ക് 13,000 രൂപ മുതൽ 14,000 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ഉന്നയിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. ആശാ പ്രവർത്തകർക്ക് ഓണറേറിയം നൽകുന്നതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. ഇവരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി ഗൈഡ്ലൈൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആശാ വർക്കേഴ്സ് ഫെഡറേഷനുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കുഷ്ഠരോഗ നിർമ്മാർജനവുമായി ബന്ധപ്പെട്ട സർവെ, SHAILI (State Health App Initiative for Lifestyle Intervention) സർവെയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആശാ പ്രവർത്തകർക്ക് മറ്റ് തൊഴിലുകൾക്ക് പോകാൻ സാധിക്കില്ലെന്നത് വസ്തുതാവിരുദ്ധമാണ്. ആശാ പ്രവർത്തകരുടെ കാര്യത്തിൽ മനുഷ്യത്വപരമായ സമീപനമാണ്

സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ആശാ പ്രവർത്തകർക്ക് ഓണറേറിയം വർധിപ്പിക്കണമെന്നത് സംസ്ഥാന വിഷയമായതിനാൽ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. ഒരു ദിവസം ഒന്നോ രണ്ടോ മണിക്കൂർ ജോലി ചെയ്താൽ മതിയെന്ന നിബന്ധനയോടെ വോളന്റിയർ സർവീസായി കൊണ്ടുവന്ന പദ്ധതിപ്രകാരം ഇപ്പോൾ 12 മുതൽ 14 മണിക്കൂർവരെ ജോലി ചെയ്യേണ്ടിവരുന്നു. ആശാ പ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അവരുമായി ചർച്ച ചെയ്യാൻ മുഖ്യമന്ത്രി തയ്യാറാകണം.

(പ്രതിപക്ഷനേതാവിന്റെ പ്രസംഗം ഉപസംഹരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനുസമീപം വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട്

സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹു<u>മാ</u>നപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമങ്ങളിലേക്ക് കടന്നു.)

## II. ശ്രദ്ധക്ഷണിക്കൽ

### കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം വ്യാപാര മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ആൻസലൻ: കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം വ്യാപാര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ജി.എസ്.ടി. പരിശോധന പൂർണ്ണമായും ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏകജാലക സംവിധാനം പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യാപാര മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ഗ്രീവൻസ് സെല്ലുകൾ രൂപീകരിക്കാനും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്ന വാടകക്കാരായ കച്ചവടക്കാരെ സംരക്ഷിക്കുന്നതിനായി നിയമനിർമ്മാണം നടത്താനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം വ്യാപാര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

വാണിജ്യ മേഖലയിലെ സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക ഡിവിഷൻ രൂപീകരിക്കുകയും കോമേഴ്സ് ഡിവിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ചില്ലറ വ്യാപാര മേഖലയെ മുൻഗണനാ മേഖലയായി 2023-ലെ വ്യവസായ നയത്തിൽ പരിഗണിച്ചിട്ടുണ്ട്. എം.എസ്.എം.ഇ.-കൾക്കുള്ള പൊതു ഇൻഷ്വറൻസ് പദ്ധതിയിൽ വ്യാപാരികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുകളുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാനായി സംഘടനകളുമായി ചർച്ച നടത്തുകയും ബാങ്കുകളുമായി യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 5 വർഷത്തേക്ക് 6 ശതമാനം പലിശ സബ്സിഡി നൽകുന്ന സ്കീം വ്യാപാര മേഖലയ്ക്കുകൂടി ബാധകമാക്കിയിട്ടുണ്ട്. വ്യാപാര മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾ അതത് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. ഹെൽപ്പ് ഡെസ്കുകൾ എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. മേഖലാതല യോഗങ്ങൾ വിളിച്ചുചേർത്ത് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതാണ്. വാടകക്കാരായ കച്ചവടക്കാരെ സംരക്ഷിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## III. സബ്മിഷൻ

### (1) വാമനപുരത്തെ ഡിജിറ്റൽ സർവെ നടപടികൾ

ശ്രീ. ഡി. കെ. മുരളി: വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ ആവശ്യമായ സർവെയർമാരെ നിയോഗിച്ച് ഡിജിറ്റൽ സർവെ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വാമനപുരം നിയോജകമണ്ഡലത്തിൽ സർവെ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. സർവെയർമാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തിയും മറ്റ് വില്ലേജുകളിലേക്ക് സ്ഥലം മാറ്റിയ ജീവനക്കാരെ തിരികെ കൊണ്ടുവന്നും സാങ്കേതിക ഉപകരണങ്ങൾ അനുവദിച്ചും ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കുന്നതാണ്.

### (2) ഇടുക്കി ദേവികുളത്തെ വന്യമൃഗ ആക്രമണം

ശ്രീ. എ. രാജ: ദേവികുളം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തുടർച്ചയായുണ്ടാകുന്ന വന്യമൃഗ ആക്രമണം തടയുന്നതിന് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗ ആക്രമണം തടയുന്നതിന് വിവിധ പരിപാടികൾ സർക്കാർ നടപ്പാക്കി വരികയാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(3) കോളേജ് അനുവദിക്കൽ

ശ്രീ. വാഴൂർ സോമൻ: പീരുമേട് നിയോജകമണ്ഡലത്തിലെ തോട്ടം തൊഴിലാളികളുടെയും കർഷകരുടെയും മക്കൾക്ക് ഉപരിപഠനം നടത്തുന്നതിനായി തമിഴ് മീഡിയത്തോടുകൂടി ഒരു കോളേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പുതിയ സർക്കാർ എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ തീരുമാനമെടുക്കുന്ന സന്ദർഭത്തിൽ ഇടുക്കി ജില്ലയിലെ പീരുമേട് നിയോജകമണ്ഡലത്തിൽ തമിഴ്

മീഡിയത്തോടുകൂടി ഒരു കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(4) ബേക്കൽ എയർസ്ട്രിപ്പ് നടപ്പാക്കൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ബേക്കൽ ടൂറിസം പദ്ധതിയിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബേക്കൽ ടൂറിസം പദ്ധതി പ്രദേശമായ പെരിയയിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

(5) വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കൽ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി പ്രഖ്യാപിക്കാനും ടൂറിസം വികസനത്തിന്റെ ഭാഗമായി അംഗീകരിച്ച ബീച്ച് കോറിഡോർ പദ്ധതിയും കടമക്കുടി കേന്ദ്രീകരിച്ചുള്ള ഗ്രാമീണ കായൽ ടൂറിസം പദ്ധതിയും നടപ്പാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയുടെ പല ഘടകങ്ങൾക്കും സി.ആർ.ഇസഡ്. അനുമതി ലഭ്യമാകാത്തതിനാൽ അവ മാറ്റിനിർത്തി പുതിയ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ ആദ്യ വർക്കിങ് ഗ്രൂപ്പിൽ ഈ പദ്ധതിരേഖ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2024 ജൂലൈ 28-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 40/2024/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ 658/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1 മുതൽ 17 വരെയുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിക്കുന്നു.

2. ചട്ടം 2(2) (i) പ്രകാരം പുതുതായി ചേർക്കുന്ന മൂലചട്ടം 3-ന്റെ ശീർഷകത്തിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

8. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ൽ "ഉപചട്ടം (2)" എന്നീ വാക്കിനും അക്കത്തിനും ചിഹ്നത്തിനും പകരം "ഉപചട്ടം (3)" എന്നീ വാക്കും അക്കവും ചിഹ്നവും ചേർക്കുക.

9. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിൽ "ഫാമുകൾ" എന്ന വാക്കിനു പകരം "ഫാമുകൾക്ക്" എന്ന വാക്ക് ചേർക്കുക.

10. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിന് ശേഷമുള്ള "(4), (5), (6), (7), (8)" എന്നീ ഉപചട്ടങ്ങൾ യഥാക്രമം "(5), (6), (7), (8), (9)" എന്നിങ്ങനെ പുനരക്കം ചെയ്യുക.

11. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിന് ശേഷം,-

(i) ഉപചട്ടം (4), (5), (6), (8) എന്നിവയിൽ "(2)-ാം ഉപചട്ടപ്രകാരം" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും

വാക്കുകൾക്കും പകരം "(3)-ാം ഉപചട്ടപ്രകാരം" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

(ii) ഉപചട്ടം (5)-ൽ "(6)-ാം ഉപചട്ടപ്രകാരം" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(7)-ാം ഉപചട്ടപ്രകാരം" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

(iii) ഉപചട്ടം (7)-ൽ "(3)-ാം ഉപചട്ടത്തിൽ" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(4)-ാം ഉപചട്ടത്തിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

13. ചട്ടം 2(8) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ ചട്ടം 11-ൽ "മൃഗക്ഷേമം" എന്നീ വാക്കിന് പകരം "മൃഗങ്ങളുടെയും പക്ഷികളുടെയും ക്ഷേമം" എന്നീ വാക്കുകൾ ചേർക്കുക.

14. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "6-ാം ചട്ടം (2)-ാം ഉപചട്ടപ്രകാരം" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(6)-ാം

ചട്ടം (3)-ാം ഉപചട്ടപ്രകാരം" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

16. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "ബോധിപ്പിക്കാവുന്നതാണ്" എന്ന വാക്കിനു പകരം "ബോധിപ്പിക്കാവുന്നതും അപ്പീൽ അപേക്ഷ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## VI. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട നിയമ ഭേദഗതി

കേരള തീരത്തെ നിർദിഷ്ട ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട നിയമ ഭേദഗതിയും തുടർനടപടികളും ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

ഭേദഗതികൾ അവതരിപ്പിച്ചില്ല.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII. ധനകാര്യം

### 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ II -സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

(685,24,40,000 രൂപ)

ധനാഭ്യർഥന നമ്പർ III - നീതിന്യായ നിർവഹണം

(1167,06,99,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയേയും നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.06-ന് പിരിഞ്ഞു.

**************